5. ആവശ്യത്തിനുള്ള പ്രവർത്തന മൂലധനം ഉണ്ടായിരിക്കണം.

6. കോർപ്പറേഷൻ ആവശ്യത്തിനുള്ള അളവിൽ ഉൽപ്പാദിപ്പിക്കുവാനുള്ള ഉൽപ്പാദന ശേഷി ഉണ്ടായിരിക്കണം.

7. കോർപ്പറേഷൻ ടെണ്ടറിൽ നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം ഹാജരാക്കണം.

8. ഗുണമേൻമയുള്ള സംസ്ക്കരിച്ച ഉൽപ്പന്നത്തിന്റെ സാമ്പിൾ ഹാജരാക്കണം.

9. ഉൽപ്പന്നങ്ങൾ കോർപ്പറേഷന്റെ വിവിധ ഡിപ്പോകളിലേക്ക് എത്തിക്കുവാനുള്ള ഗതാഗത സൗകര്യം ഉണ്ടായിരിക്കണം.

(ബി & സി) കോർപ്പറേഷൻ വ്യാപാരത്തിനായി വാങ്ങുന്ന സംസ്ക്കരിച്ച ഭക്ഷണ സാധനങ്ങൾ സ്റ്റോർ പർച്ചേസ് മാനുവലിന്റെ പരിധിയിൽ വരുന്നില്ല. അതിനാൽ സഹകരണ സംഘങ്ങളെ ഇ. എം. ഡി. അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടില്ല.

(ഡി & ഇ) നിശ്ചിത നിരതദ്രവ്യം അടക്കാത്തതിനാൽ റെയ്ഡ്കോ-യെ ഒഴിവാക്കിയിട്ടുണ്ട്.

(എഫ്) സ്വന്തമായ ഗോതമ്പ് സംസ്കരണ കേന്ദ്രം ഇല്ലാത്തതുകൊണ്ടാണ് റെയ്ഡ്കോ-യെ ഒഴിവാക്കിയത്.

(ജി) ഓപ്പൺ ടെണ്ടറിന്റെ നിബന്ധനകൾ പ്രകാരം ഇനി ഉൾപ്പെടുത്താൻ സാധിക്കുകയില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആട്ടോ ഗ്യാസ് വിതരണ കേന്ദ്രങ്ങൾ

53 [2670] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിൽ ഇന്ധനമായി ഉപയോഗിക്കുന്ന ആട്ടോ ഗ്യാസ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏതെല്ലാം സ്ഥലങ്ങളിൽ വിതരണം നടത്തുന്നുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വാഹന ഉപഭോക്താക്കളുടെ താത്പര്യം കണക്കിലെടുത്ത് പ്രധാന താലൂക്ക് കേന്ദ്രങ്ങളിലേക്ക് ആട്ടോ ഗ്യാസ് വിതരണം വ്യാപിപ്പിക്കുമോ?

ഉത്തരം

(എ & ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇപ്പോൾ ആട്ടോ ഗ്യാസ് വിതരണം നടത്തുന്നില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷനെ സിവിൽ സപ്ലൈസ് വകുപ്പിൽനിന്ന് വേർപ്പെടുത്തുമ്പോൾ ജീവനക്കാർക്കുണ്ടാകുന്ന പ്രശ്നങ്ങൾ

54 [2671] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനെ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്ന് വേർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷനിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർ തിരികെ വരുമ്പോൾ സിവിൽ സപ്ലൈസ് വകുപ്പിൽ ജീവനക്കാരുടെ സീനിയോറിറ്റിയിലും പ്രൊമോഷനിലും വേക്കൻസി ലഭ്യതയിലുമുണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് വകുപ്പും കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്ത സിവിൽ സപ്ലൈസ് കോർപ്പറേഷനും ഇപ്പോൾതന്നെ വെവ്വേറെ ആണ് പ്രവർത്തിച്ചുവരുന്നത്.

(ബി) പ്രശ്നങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly